# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

ആദിവാസി മേഖലയിലെ വനസംരക്ഷണം

8074 ശ്രീ. ആർ. സെൽവരാജ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിലെ വനസംരക്ഷണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതിനായി ആദിവാസി മേഖലകളിൽ ആദിവാസി വാച്ചർമാരെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>ആദിവാസി കോളനി നിവാസികൾക്ക്</u>
<u>തൊഴിൽ നൽകാൻ പദ്ധതി</u>

8075 ശ്രീ. കെ. ശിവദാസൻ നായർ
,, എം.പി. വിൻസെന്റ്
,, ബെന്നി ബെഹനാൻ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിലെ കോളനിയിൽ താമസിക്കുന്നവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് വനം വകുപ്പ് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ ;

(ബി) ഇതിനായി തോട്ടങ്ങൾ ഏറ്റെടുക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എവിടെയൊക്കെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ?

## കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>വനമേഖലാ ജാഗ്രതാ സമിതികൾ</u>

8076 ശ്രീ. പാലോട് രവി
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനമേഖലാ ജാഗ്രതാ സമിതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഇവയുടെ രൂപീകരണം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശരേഖ അംഗീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എവിടെയല്ലാമാണ് ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത സമിതികളുടെ അദ്ധ്യക്ഷനായി നിയമിക്കുന്നത് ആരാണ്?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ വാഹന നിയന്ത്രണം</u>

8077 ശ്രീ. പി. സി. വിഷ്ണുനാഥ്
,, സണ്ണി ജോസഫ്
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനം മേഖലയിലുള്ള ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ വാഹനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകാമോ;

(സി) ഏതെല്ലാം വാഹനങ്ങൾക്കാണ് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

**വ്യാവസായിക അസംസ്കൃത വസ്തുക്കൾക്കായി വനഭൂമി ഉപയോഗം**

8078 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, റ്റി. എ. അഹമ്മദ് കബീർ
,, പി. ബി. അബ്ദുൾ റസാക്
,, കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക അസംസ്കൃത വസ്തുക്കൾക്കുവേണ്ടി വനഭൂമി ഉപയോഗപ്പെടുത്തുന്നുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ ഇനം മരങ്ങളാണ് ഇതിനായി നട്ടുപിടിപ്പിക്കാറുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) അസംസ്കൃത വസ്തുക്കൾ ഉപയോഗപ്പെടുത്തുന്ന വ്യവസായങ്ങൾ ഏതൊക്കെയാണ്; അവ ഓരോന്നും പ്രതിവർഷം വനം വകുപ്പിനോട് ആവശ്യപ്പെടുന്ന അസംസ്കൃത വസ്തുക്കളുടെ അളവ് സംബന്ധിച്ച വിശദവിവരം നൽകാമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

വനമേഖലയിലെ അധിനിവേശ സസ്യങ്ങൾ

8079 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വനമേഖലയിൽ അധിനിവേശ സസ്യങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വനമേഖലയിൽ ഇവയുണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഇത്തരത്തിലുള്ള ഏതെല്ലാം ഇനം സസ്യങ്ങളാണ് സംസ്ഥാനത്ത് കണ്ടു വരുന്നത്;

(സി) പക്ഷി-മൃഗാദികളുടെ ജീവനും ആവാസ വ്യവസ്ഥക്കും ഇവയുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ;

(ഡി) സ്വാഭാവിക വന-സസ്യമേഖലയെ ഇല്ലാതാക്കുന്ന ഈ സാഹചര്യം ഗൗരവത്തോടെ കാണുന്നതിനും അധിനിവേശ സസ്യങ്ങളെ നിയന്ത്രിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

വനമേഖലയിലെ ജലമലിനീകരണം

8080 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, എം. ഉമ്മർ
,, വി. എം. ഉമ്മർ മാസ്റ്റർ
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനങ്ങൾക്കുള്ളിലെ ജനവാസ കേന്ദ്രങ്ങളിൽ നിന്നുള്ള മാലിന്യങ്ങളും, മലിനജലവും, വനമേഖലയിലെ ജല ഉറവകൾ ഒഴുകിയെത്തുന്ന നീർച്ചാലുകളിൽ വന്നു ചേർന്ന് ജലം ഉറവിടത്തിൽത്തന്നെ മലിനമാകുന്നത് തടയാൻ വനം വകുപ്പിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ സാഹചര്യം പരിശോധിച്ച് അതിനുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>ജൈവ വൈവിദ്ധ്യ സംരക്ഷണ പദ്ധതി</u>

8081 ശ്രീ. സി. മോയിൻകുട്ടി
,, എൻ. ഷംസുദ്ദീൻ
,, പി. ഉബൈദുള്ള
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ടൽകാടുകളുടെ സംരക്ഷണം ജൈവ വൈവിദ്ധ്യ സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകാമോ;

(ബി) ദേശാടന പക്ഷി സങ്കേതങ്ങൾ വികസിപ്പിക്കുന്നതിന് പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്യുന്നുണ്ടോ; എങ്കിൽ ഏതൊക്കെ പ്രദേശങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>പാട്ടക്കരാർ ലംഘനം- എറ്റെടുക്കൽ നടപടിയ്ക്കെതിരെ കേസുകൾ</u>

8082 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
'' വി. ചെന്താമരാക്ഷൻ
'' എം. ഹംസ
'' ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് വക ഭൂമി/എസ്റ്റേറ്റ് പാട്ടത്തിനെടുത്ത കേസ്സുകളിൽ പാട്ടക്കരാർ ലംഘനങ്ങളുണ്ടായിട്ടുണ്ടോ;

(ബി) പാട്ടക്കരാർ ലംഘനത്തെ തുടർന്ന് എറ്റെടുക്കൽ നടപടികൾ ക്കെതിരെ വന്ന കേസുകൾ ഫലപ്രദമായി കൈകാര്യം ചെയ്യുവാനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്;

(സി) വനം വകുപ്പിന്റെ തീരുമാനങ്ങൾ/നടപടികളുടെ പേരിൽ കേസിൽ അകപ്പെട്ട എസ്റ്റേറ്റുകൾ എത്ര; അവ ഏവ; കേസുകൾ ഏതെല്ലാം കോടതികളുടെ പരിഗണനയിലാണെന്ന വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) കേസുകളുടെ പൊതുസ്വഭാവം സംബന്ധിച്ച് വിശദമാക്കാമോ; കോടതി വിധിക്കെതിരെ സർക്കാർ ഭാഗം അപ്പീൽ പോയിട്ടില്ലാത്തവ ഏതൊക്കെയാണ്?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>പാട്ടക്കരാർ ലംഘിച്ച എസ്റ്റേറ്റുകൾ</u>

8083 ശ്രീ. എ.കെ. ബാലൻ
,, എളമരം കരീം
,, പി. ശ്രീരാമകൃഷ്ണൻ
,, വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാട്ടക്കരാർ ലംഘിച്ച എസ്റ്റേറ്റുകൾ ഏറ്റെടുക്കാനുള്ള നടപടികൾ നിർത്തിവെക്കാനിടയായ സാഹചര്യം എന്തായിരുന്നു;

(ബി) ഏതെല്ലാം എസ്റ്റേറ്റുകളുടെ കാര്യത്തിലാണ് ഇനിയും ഏറ്റെടുക്കൽ ആവശ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; എല്ലാ എസ്റ്റേറ്റുകളും കൂടി എത്ര ഏക്കർ ഭൂമിയുണ്ടെന്ന് അറിയിക്കാമോ?

## കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>പാട്ടക്കരാർ ലംഘിച്ച തോട്ടങ്ങൾ</u>

8084 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാട്ടക്കരാർ ലംഘിച്ച തോട്ടങ്ങൾ ഏറ്റെടുക്കുന്നതിന് എന്തെല്ലാം തടസ്സങ്ങളാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പാട്ടക്കരാർ ലംഘിച്ച തോട്ടങ്ങൾ ഏറ്റെടുക്കുന്നതിനെതിരെ കോടതിയിലെത്തുന്ന കേസ്സുകളിൽ ഗവൺമെന്റ് പ്ലീഡർമാർ സർക്കാരിനനുകൂലമായ നിലപാട് സ്വീകരിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് സംവിധാനമാണ് പകരം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>പാട്ടക്കരാർ കാലാവധി കഴിഞ്ഞ എസ്റ്റേറ്റുകൾ</u>

8085 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാട്ടക്കരാർ കാലാവധി കഴിഞ്ഞ എത്ര തോട്ടങ്ങളാണ് സംസ്ഥാനത്ത് നിലവിലുള്ളതെന്നും അവ ഏതൊക്കെയാണെന്നും, കരാർ അവസാനിച്ചതെന്നാണെന്നും വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര തോട്ടങ്ങൾ ഏറ്റെടുക്കാൻ നടപടി തുടങ്ങിയിട്ടുണ്ട്; ഇവ ഏതൊക്കെയാണെന്നും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ;

(സി) ഇതിനകം ഏറ്റെടുത്ത തോട്ടങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) കോടതിയിൽ സർക്കാർ പരാജയപ്പെട്ട ഏതെല്ലാം കേസ്സുകളിൽ അപ്പീൽ പോകാൻ തീരുമാനിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>നെല്ലിയാമ്പതി എസ്റ്റേറ്റ് ഏറ്റെടുക്കൽ</u>

8086 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതി എസ്റ്റേറ്റിന്റെ പാട്ടകരാർ എന്നാണ് അവസാനിച്ചത്; ഈ എസ്റ്റേറ്റ് ഉടമകൾ പാട്ടകരാർ ലംഘനം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എസ്റ്റേറ്റ് ഏറ്റെടുക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) എന്നാണ് എസ്റ്റേറ്റ് സർക്കാർ ഏറ്റെടുത്തത്; ഏറ്റെടുത്ത എസ്റ്റേറ്റുകളിൽ എത്ര തൊഴിലാളികൾ ഉളളതായാണ് കണ്ടെത്തിയിട്ടുളളത്;

(ഡി) തോട്ടം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ചീഫ് വിപ്പ് നൽകിയിട്ടുളള നിവേദനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) തോട്ടം ഏറ്റെടുത്തതിനെതിരെയുളള കോടതി സ്റ്റേക്കെതിരെ ഗവൺമെന്റ് അപ്പീൽ പോയിട്ടുണ്ടോ. ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ; ഇല്ലെങ്കിൽ എന്ത്കൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(എഫ്) പാട്ടകരാർ ലംഘിച്ച് ഈ എസ്റ്റേറ്റ് ആർക്കൊക്കെയാണ് വില്പന നടത്തിയത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>നെല്ലിയാമ്പതി വന ഭൂമിയുമായി ബന്ധപ്പെട്ട് നടന്ന ക്രമക്കേടിന്റെ അന്വേഷണ റിപ്പോർട്ട്</u>

8087 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതി വന ഭൂമിയുമായി ബന്ധപ്പെട്ട് നടന്ന ക്രമക്കേടുകൾ സംബന്ധിച്ച് 25.09.2002 -ൽ 319/2002/എ&ണഘഉ നമ്പർ ഉത്തരവ് പ്രകാരം നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എൻക്വയറി ഓഫീസറുടെ നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും വിശദമാക്കാമോ ;

(സി) ഇതിന്മേൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാമായിരുന്നു;

(ഡി) പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വെയ്ക്കുമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>യുനെസ്കോ പൈതൃക പട്ടികയിൽ ഉൾപ്പെടുത്തിയ പശ്ചിമഘട്ട മലനിര</u>

8088 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുനെസ്കോ പൈതൃക പട്ടികയിൽ ഉൾപ്പെടുത്തിയ പശ്ചിമഘട്ട മലനിരകളിൽ കേരളത്തിൽ ഏതെല്ലാം കേന്ദ്രങ്ങളാണ് ഉൾപ്പെടുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പട്ടികയിൽ ഉൾപ്പെടുന്നതുകൊണ്ടുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ ;

(സി) ഇതു സംബന്ധിച്ച് യുനെസ്കോയിൽ നിന്നും സംസ്ഥാന ഗവൺമെന്റിന് ലഭിച്ച അംഗീകാര പത്രത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) പശ്ചിമഘട്ട മലനിരകൾ ഉൾപ്പെടുന്ന വന മേഖലകളിൽ വൻകിട ഭൂമി കയ്യേറ്റങ്ങളുമായി ബന്ധപ്പെട്ടും പാട്ടക്കാലാവധി കഴിഞ്ഞിട്ടും ഭൂമി കൈവശം വയ്ക്കുന്നതുമായി ബന്ധപ്പെട്ടും എന്തെല്ലാം തർക്കങ്ങളും കേസ്സുകളുമാണ് നിലവിലുള്ളതെന്നും വ്യക്തമാക്കുമോ ;

(ഇ) യുനെസ്കോ പൈതൃകപട്ടികയിൽ ഉൾപ്പെട്ട ജൈവസമ്പുഷ്ടമായ പ്രദേശം എന്ന നിലയിൽ, പ്രസ്തുത പ്രദേശങ്ങളുമായി ബന്ധപ്പെട്ടുള്ള കേസ്സുകളിൽ ഫലപ്രദമായ നിയമനടപടികൾ സ്വീകരിച്ച് പ്രസ്തുത വനഭൂമി ഏറ്റെടുക്കുവാൻ എന്തു നടപടിയാണു സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>പശ്ചിമഘട്ടമലനിരകൾക്ക് സംരക്ഷണം</u>

8089 ശ്രീ. കെ. എൻ. എ ഖാദർ
,, എൻ. എ. നെല്ലിക്കുന്ന്
,, റ്റി. എ. അഹമ്മദ് കബീർ
,, പി. ബി. അബദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ട മലനിരകളെ ഐക്യരാഷ്ട്രസഭ പൈതൃക പർവ്വത മേഖലയിൽ ഉൾപ്പെടുത്തിയ സാഹചര്യത്തിൽ സംസ്ഥാനത്തിന് എന്തൊക്കെ പ്രയോജനങ്ങളാണ് ലഭിക്കാൻ ഇടയുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പശ്ചിമഘട്ടത്തിന്റെ ഒരു ഭാഗം കേരളത്തിലായതിനാൽ പ്രത്യേക സംരക്ഷണനടപടികൾ ഏറ്റെടുക്കേണ്ടിവരുമെന്ന് കരുതുന്നുണ്ടോ;

(സി) വനം, പരിസ്ഥിതി സംരക്ഷണം എന്നിവ സംബന്ധിച്ച് പശ്ചിമഘട്ട മലനിരകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയ റിപ്പോർട്ടിന്റെ പ്രസക്തമായ ഭാഗങ്ങളുടെ വിവരങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>വന്യജീവി ആക്രമണം തടയുന്നതിന് സംരക്ഷണാതിർത്തി</u>

8090 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ
,, വി. പി. സജീന്ദ്രൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വന്യജീവികൾ നാട്ടിലിറങ്ങി ആക്രമണം നടത്തുന്നത് തടയുന്നതിന് സംരക്ഷണാതിർത്തി കെട്ടുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം ഏജൻസികളിൽ നിന്നാണ് ഇതിനുളള സഹായം ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നത് ആരാണ് ;

(ഡി) ഇത് എവിടെയൊക്കെയാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

**കേരള നിയമസഭ**
**24.07.2012-ലെ മറുപടിക്ക്**

<u>വനവുമായി ബന്ധപ്പെട്ട ടൂറിസം പദ്ധതികള്‍</u>

8091 **ശ്രീ. കെ. അജിത്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വനങ്ങളുമായി ബന്ധപ്പെട്ട ടൂറിസം പദ്ധതികളോടുള്ള സര്‍ക്കാരിന്റെ സമീപനം എന്തെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ടൂറിസം പദ്ധതികള്‍ വനങ്ങളിലെ ആവാസ വ്യവസ്ഥയ്ക്ക് ഹാനികരമാണെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) വനങ്ങളുമായി ബന്ധപ്പെട്ട അനിയന്ത്രിതമായി ടൂറിസം പദ്ധതികള്‍ നിയന്ത്രിക്കാനുള്ള നടപടികള്‍ സ്വീകരിക്കുമോ;

(ഡി) വനപ്രദേശങ്ങളിലെ ജനങ്ങളുടെ അനിയന്ത്രിതമായ ഇടപെടലുകള്‍ അവിടുത്തെ മൃഗങ്ങള്‍ക്ക് ഹാനികരമാകുന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഇ) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം വനങ്ങളുമായി ബന്ധപ്പെട്ട ടൂറിസം പദ്ധതികള്‍ പ്രോത്സാഹിപ്പിക്കുവാന്‍ എന്തെങ്കിലും
നടപടികള്‍ എടുത്തിട്ടുണ്ടോ; ഉണ്ടെങ്കില്‍ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>തീരദേശത്തെ വനവത്ക്കരണം</u>

8092 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരപ്രദേശത്തെ കടലാക്രമണം തടയാൻ മരം വച്ചു പിടിപ്പിക്കുന്ന പദ്ധതികൾ വനം വകുപ്പിൽ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അമ്പലപ്പുഴ മണ്ഡലത്തിലെ തീരപ്രദേശത്ത് സാമൂഹികവനവത്ക്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി മരം വച്ചു പിടിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) തീരപ്രദേശത്ത് കടലാക്രമണം തടയാൻ കഴിയും വിധം മരംവച്ചു പിടിപ്പിക്കുന്ന പദ്ധതി അമ്പലപ്പുഴ മണ്ഡലത്തിലെ തീരപ്രദേശത്ത് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>വനം സംബന്ധമായ കേസുകൾ</u>

8093 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഹൈക്കോടതിയിലും വിവിധ കീഴ്ക്കോടതികളിലുമായി വനം സംബന്ധമായി ഉണ്ടായിരുന്ന എത്ര കേസ്സുകൾ തീർപ്പാക്കിയിട്ടുണ്ടെന്നും ഇതിൽ എത്ര കേസുകൾ സർക്കാരിന് അനുകൂലമായി വിധിച്ചിട്ടുണ്ടെന്നും കോടതികൾ തിരിച്ച് വ്യക്തമാക്കുമോ;

(ബി) കോടതി ഉത്തരവ് പ്രകാരം വനഭൂമി വിട്ടുകൊടുക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഹെക്ടർ ഭൂമി വിട്ടുകൊടുക്കേണ്ടതായി വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മുൻസിഫ് മജിസ്ട്രേറ്റ് കോടതികളിലും ജില്ലാ കോടതികളിലും കേസുകൾ പരാജയപ്പെടുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ എന്താണെന്ന് കണ്ടെത്താൻ വിലയിരുത്തൽ നടത്താറുണ്ടോ;

(ഡി) അനധികൃത മരംമുറിക്കലും വനം കയ്യേറലും സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുന്നതിൽ സർക്കാർ അഭിഭാഷകർ വേണ്ടത്ര ജാഗ്രത കാട്ടുന്നുണ്ടോ;

(ഇ) കേസുകൾ കൈകാര്യം ചെയ്യുന്നതിനെക്കുറിച്ച് നിയമ വകുപ്പുമായി കൂടിയാലോചന നടത്തിയും സർക്കാർ അഭിഭാഷകരുടേയും വനം വകുപ്പ് ഉദ്യോഗസ്ഥരുടേയും സംയുക്തയോഗങ്ങൾ സംഘടിപ്പിച്ചും വനം കേസുകൾ കാര്യക്ഷമമായി കൈകാര്യം ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ;

(എഫ്) ഏതെങ്കിലും സർക്കാർ അഭിഭാഷകർ കൈകാര്യം ചെയ്യുന്ന വനം കേസ്സുകൾ തുടർച്ചയായി പരാജയപ്പെടുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ജി) വനം കേസുകൾ കാര്യക്ഷമതയോടെ കൈകാര്യം ചെയ്യാൻ അഭിഭാഷകർക്ക് കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ ഈ വിഷയം നിയമവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>കാവിലുംപാറ വനം വിസ്തൃതി</u>

8094 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിന്റെ കുറ്റ്യാടി റേഞ്ച് ഓഫീസിനു കീഴിൽ വരുന്ന കാവിലുംപാറ വില്ലേജിന്റെ 2005-ലെ വനംവിസ്തൃതി എത്ര ഹെക്ടറായിരുന്നെന്ന് വ്യക്തമാക്കുമോ;

(ബി) 2012-ൽ പ്രസ്തുത പ്രദേശത്തെ വനംവിസ്തൃതി എത്ര ഹെക്ടറാണെന്ന് വ്യക്തമാക്കുമോ;

(സി) വനം വിസ്തൃതിയിൽ വ്യത്യാസം ഉണ്ടായതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>ഔഷധസസ്യകൃഷി</u>

8095 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഔഷധസസ്യങ്ങൾ വളർത്തുന്നതിനും അവയുടെ വ്യാപനത്തിനും വനം വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) പൊതു സ്ഥാപനങ്ങൾ, സ്കൂളുകൾ എന്നിവ കേന്ദ്രീകരിച്ച് ഔഷധസസ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇത്തരമൊരു പദ്ധതിക്ക് സൗജന്യമായോ സബ്സിഡി നിരക്കിലോ ഔഷധസസ്യ തൈ വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

## വന സംരക്ഷണ വിഭാഗം ജീവനക്കാർക്ക് എൻട്രികേഡർ ട്രെയിനിംഗ്

8096 **ശ്രീ. കോവൂർ കുഞ്ഞുമോൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ അധികാരത്തിൽ വന്ന ശേഷം വന സംരക്ഷണ വിഭാഗം ജീവനക്കാർക്ക് എൻട്രി കേഡർ ലെവൽ ട്രെയിനിംഗ് നിർബന്ധമാക്കി ട്രെയിനിംഗ് നൽകിയിരുന്ന വ്യവസ്ഥ ഇപ്പോഴും നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പേർക്ക് ഏതെല്ലാം കാറ്റഗറിയിൽ എൻട്രി കേഡർ ലെവലിൽ ട്രെയിനിംഗ് നൽകിയിട്ടുണ്ട്;

(ബി) നാളിതുവരെ ട്രെയിനിംഗ് പൂർത്തിയാക്കാത്ത ജീവക്കാരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) 45 വയസ്സു കഴിഞ്ഞ വന സംരക്ഷണ വിഭാഗം ജീവനക്കാരെ ട്രെയിനിംഗിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ; ഇവർക്ക് പ്രമോഷൻ കിട്ടാതെയുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>ഫോറസ്റ്റർ ട്രെയിൻഡ് റേഞ്ചർ ക്വോട്ട നിയമനം</u>

8097 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2000-01 കാലത്ത് ഫോറസ്റ്റർ ട്രെയിൻഡ് റേഞ്ചർ (എഫ്.റ്റി.ആർ) ക്വോട്ടയിൽ എത്ര പേർക്കാണ് നിയമനം നൽകിയിട്ടുള്ളത്;

(ബി) ഈ ക്വോട്ടയിലെ നിയമനത്തിനെതിരെ നിയമ നടപടികൾ എന്തെങ്കിലും ഉണ്ടായിട്ടുണ്ടോ;

(സി) ഈ ക്വോട്ടയിൽ എത്ര പേർക്കാണ് നിയമനം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) മേൽ സൂചിപ്പിച്ച വർഷത്തിൽ എഫ്.റ്റി.ആർ. ക്വോട്ടയിൽ നിയമനം നേടിയവർ ട്രെയിനിംഗ് പൂർത്തിയാക്കുകയോ ആയതിന്റെ സർട്ടിഫിക്കറ്റ് വകുപ്പിൽ ഹാജരാക്കുകയോ ചെയ്തിട്ടുണ്ടോ;

(ഇ) പ്രസ്തുത നിയമനത്തിനെതിരെയുള്ള സുപ്രീംകോടതി വിധി പൂർണ്ണമായി നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത വിധിയിൽ അന്ന് എഫ്.റ്റി.ആർ. ക്വോട്ടയിൽ നിയമനം നേടിയവർക്ക് ട്രെയിനിംഗിന്റെ ആനുകൂല്യം നൽകരുതെന്ന സുപ്രീംകോടതി നിർദ്ദേശം നടപ്പാക്കിയിട്ടുണ്ടോ;

(ജി) ഈ വിഷയം സംബന്ധിച്ച് മറ്റേതെങ്കിലും കോടതി പരാമർശം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>പാപ്പിനിശ്ശേരി പാമ്പുവളർത്തൽ കേന്ദ്രത്തിന് അംഗീകാരം</u>

8098 **ശ്രീ. കെ. കെ. നാരായണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1972-ലെ വന്യജീവി സംരക്ഷണ നിയമപ്രകാരം വനം വകുപ്പ് നൽകിയ ഓണർഷിപ്പ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പാപ്പിനിശ്ശേരി പാമ്പുവളർത്തൽ കേന്ദ്രത്തിന് സൂ അതോറിറ്റി ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിച്ചത് എപ്പോഴാണെന്ന് അറിയാമോ;

(ബി) സൂ അതോറിറ്റി ഓഫ് ഇന്ത്യയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഒരു മൃഗശാലയ്ക്ക് അംഗീകാരം കിട്ടണമെങ്കിൽ എന്തെല്ലാം വ്യവസ്ഥകളാണ് പാലിക്കേണ്ടതെന്ന് വ്യക്തമാക്കാമോ;

(സി) 1972-ലെ വന്യജീവി സംരക്ഷണ നിയമപ്രകാരം വന്യമൃഗങ്ങൾക്ക് ഓണർഷിപ്പ് നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) പാപ്പിനിശ്ശേരി പാമ്പുവളർത്തൽ കേന്ദ്രത്തിന് സൂ അതോറിറ്റി ഓഫ് ഇന്ത്യയുടെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ വനം വകുപ്പ് നൽകിയ ഓണർഷിപ്പ് പ്രകാരം ഉള്ള മൃഗങ്ങൾ എപ്പോഴാണ് ഈ മൃഗശാലയിൽ എത്തിയതെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ മൃഗശാലയിൽ ഈ മൃഗങ്ങളെ എവിടെനിന്നാണ് കൊണ്ടുവന്നതെന്നും ആരാണ് കൊണ്ടുവന്നതെന്നും വ്യക്തമാക്കാമോ;

(എഫ്) സൂ അതോറിറ്റി ഓഫ് ഇന്ത്യയുടെ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന ഒരു മൃഗശാലയിൽ വന്യമൃഗങ്ങളെ കൊണ്ടു വരാൻ ഈ സ്ഥാപനത്തിന് ആരാണ് അനുവാദം നൽകിയതെന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>കുട്ടനാട്ടിലെ വഴിയോര തണൽ പദ്ധതി</u>

8099 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വഴിയോര തണൽ പദ്ധതി പ്രകാരം കഴിഞ്ഞ വർഷം കുട്ടനാട്ടിൽ എത്ര വൃക്ഷതൈകൾ വെച്ചു പിടിപ്പിച്ചുവെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്ക് കുട്ടനാട്ടിൽ എത്ര തുക ചെലവഴിച്ചു;

(സി) പ്രസ്തുത വൃക്ഷതൈകൾ പരിപാലിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

നാദാപുരം മണ്ഡലത്തില്‍ ഫോറസ്റ്റ് ഓഫീസിനു വേണ്ടി കെട്ടിടം

8100 ശ്രീ. ഇ.കെ. വിജയന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നാദാപുരം മണ്ഡലത്തില്‍ എവിടെയെങ്കിലും വനം വകുപ്പ് ഫോറസ്റ്റ് ഓഫീസിനുവേണ്ടി സ്ഥലംവാങ്ങി കെട്ടിടം നിര്‍മ്മിച്ചതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ എവിടെയാണെന്നും സ്ഥലം നല്‍കിയ വ്യക്തി ആരെന്നും എത്ര രൂപ സ്ഥലം വാങ്ങുന്നതിന് വേണ്ടി ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കെട്ടിടം വനം വകുപ്പിന്റെ പ്രവര്‍ത്തനത്തിനു വേണ്ടി ഉപയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>ചെമ്പണാമ്പതി - തേക്കടി റോഡ്</u>

8101 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുതലമട പഞ്ചായത്തിലെ ചെമ്പണാമ്പതിയിൽ നിന്നും തേക്കടിയിലേക്ക് പുതിയ റോഡ് നിർമ്മിക്കുന്നതിനുളള പ്രൊപ്പോസൽ പരിഗണനയിൽ ഉണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ സാധ്യതാപഠനം നടത്തുന്നതിനായി കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ;

(സി) കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ കമ്മിറ്റിയുടെ റിപ്പോർട്ട് സംബന്ധിച്ച വിശദാംശം നൽകുമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

## അന്വേഷണ റിപ്പോർട്ടിന്മേലുള്ള നടപടി

8102 ശ്രീ. റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യത്തിന്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ജി.ഒ. (ആർ.റ്റി) നമ്പർ-319/2002/എ&ണഘഉ തീയതി 25.09.2002 പ്രകാരം സർക്കാർ ഏത് അന്വേഷണത്തിനാണ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നത്; ഇതുപ്രകാരമുള്ള അന്വേഷണ റിപ്പോർട്ട് എന്നാണ് ലഭിച്ചത്; ഇതിന്മേൽ എന്ത് തുടർ നടപടികളാണ് സ്വീകരിച്ചത്; പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

2012 ലണ്ടൻ ഒളിമ്പിക്സിന് കേരളത്തിൽ നിന്നുള്ള സംഘം

8103 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 ലണ്ടൻ ഒളിമ്പിക്സിൽ കേരളത്തിൽ നിന്ന് എത്ര കായിക താരങ്ങളാണ് പങ്കെടുക്കുന്നതെന്നും അവരിൽ ഓരോരുത്തരും ഏതിനങ്ങളിലാണ് മത്സരിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) കേരളത്തിലെ സ്പോർട്സ് വകുപ്പ് മുഖേനയും കേരളാ സ്പോർട്സ് കൗൺസിൽ മുഖേനയും ഇവർക്ക് എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കിയെന്നും ഇതിനെല്ലാം കൂടി ആകെ എന്തു തുക ചെലവായിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) നിരീക്ഷകരായും മാർഗ്ഗദർശികളായും സ്പോർട്സ് വകുപ്പു മന്ത്രിയും ഉദ്യോഗസ്ഥരും അടക്കം എത്ര പേർ ലണ്ടൻ ഒളിമ്പിക്സിനു പോകുന്നുണ്ടെന്നു വ്യക്താക്കുമോ;

(ഡി) മന്ത്രിയുടെയും ഉദ്യോഗസ്ഥരുടെയും യാത്രയ്ക്കും താമസത്തിനും മറ്റുമായി എത്ര തുക ചെലവ് ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>മുപ്പത്തിയഞ്ചാമത് നാഷണൽ ഗെയിംസ്</u>

8104 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുപ്പത്തിയഞ്ചാമത് നാഷണൽ ഗെയിംസ് കേരളത്തിൽ നടത്തുവാൻ കഴിയും എന്നുറപ്പുണ്ടോയെന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഗെയിംസിനുളള പ്രധാന വേദികളുടെ നിർമ്മാണ പുരോഗതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) നാഷണൽ ഗെയിംസിനായി സംസ്ഥാന ഗവൺമെന്റ് വിഹിതമായി എന്ത് തുക ലഭ്യമാക്കിയെന്നും ഇതിനോടകം എന്ത് തുക ഏതെല്ലാം ആവശ്യങ്ങൾക്കായി വിനിയോഗിച്ചുവെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

## കമ്മ്യൂണിറ്റി സ്പോർട്സ് പദ്ധതി

8105 ശ്രീ. വി. പി. സജീന്ദ്രൻ
,, അൻവർ സാദത്ത്
,, ബെന്നി ബെഹനാൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കമ്മ്യൂണിറ്റി സ്പോർട്സ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) മലയാളികൾക്ക് ജീവിത ശൈലി മൂലമുണ്ടാകുന്ന രോഗങ്ങൾ നിയന്ത്രിക്കാനും കായികക്ഷമത വർദ്ധിപ്പിക്കാനുമായി എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുളളത്;

(സി) ക്ലബ്ബുകളുടെയും റെസിഡൻസ് അസോസിയേഷനുകളുടെയും സഹകരണം ഈ പദ്ധതിയിൽ ഉറപ്പാക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>കായിക അസോസിയേഷനുകള്‍</u>

8106

## ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരള സ്പോര്‍ട്സ് കൗണ്‍സിലിന് കീഴില്‍ എത്ര കായിക ഇനങ്ങള്‍ക്ക് അസോസിയേഷനുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ അസോസിയേഷനുകളുടെ പേരുകളും ഇനങ്ങളും വിശദമാക്കാമോ;

(സി) ഇതില്‍ എത്ര അസോസിയേഷനുകള്‍ ജില്ലാ - സംസ്ഥാന തലത്തില്‍ മേളകള്‍ സംഘടിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ അസോസിയേഷനുകളുടെ ജില്ലാതലത്തിലും സംസ്ഥാന തലത്തിലുമുളള ഭാരവാഹികളുടെ (പ്രസിഡന്റ്, സെക്രട്ടറി) പേരുവിവരം വ്യക്തമാക്കാമോ;

(ഇ) ഈ അസോസിയേഷനുകളുടെ സംസ്ഥാന സ്പോര്‍ട്സ് കൗണ്‍സിലുകളിലുളള പ്രതിനിധികളുടെ പേരുവിവരം നല്കാമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>തായ്കോണ്ഡോ എന്ന കായിക ഇനം</u>

8107 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ''തായ്കോണ്ഡോ'' എന്ന കായിക ഇനത്തിന് കേരള സ്പോർട്സ് കൗൺസിലിന്റെ കീഴിൽ അസോസിയേഷൻ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ''തായ്കോണ്ഡോ'' അസോസിയേഷൻ ഓഫ് കേരള (ടേക്ക്) എന്ന സംഘടനക്ക് കൗൺസിലിന്റെ അംഗീകാരം ലഭ്യമാക്കാൻ പിന്തുണച്ച ജില്ലാ ഘടകങ്ങളുടെ പേര്വിവരം വ്യക്തമാക്കുമോ;

(സി) ദേശീയ തലത്തിലും അന്തർ ദേശീയ തലത്തിലും ''തായ്കോണ്ഡോ'' അസോസിയേഷൻ ഓഫ് കേരള (ടേക്ക്) നേടിയ മെഡലുകളുടെ വിവരങ്ങൾ നൽകുമോ;

(ഡി) ടേക്കിന്റെ ഭാരവാഹികളുടെ പേരുവിവരവും ഇവർ തൽസ്ഥാനങ്ങളിൽ തുടരുന്ന കാലയളവും വ്യക്തമാക്കുമോ;

(ഇ) ഈ അസോസിയേഷനെതിരെ എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അവയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>ഡ്രാഗൺ സ്പോർട്സ്</u>

8108 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ പ്രതിനിധീകരിച്ച് മെഡലുകൾ നേടിയ ഡ്രാഗൺ സ്പോർട്സ് കായികതാരങ്ങൾക്ക് അംഗീകാരം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) ഈ കായികതാരങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷകളിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(സി) സ്പോർട്സ് ക്വോട്ട നിയമനങ്ങൾക്ക് ഡ്രാഗൺ സ്പോർട്സ് കായികതാരങ്ങളെക്കൂടി ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>വാക്കിംഗ് - ജോഗിങ് ക്ലബുകൾ</u>

8109 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫിസിക്കൽ ഫിറ്റ്നസ് മിഷൻ എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയിലൂടെ സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകുന്ന പ്രോത്സാഹനങ്ങളും സാമ്പത്തിക സഹായവും എന്തെല്ലാം എന്ന് വിശദമാക്കുമോ;

(ബി) വാക്കിംഗ് - ജോഗിങ് ക്ലബുകൾ സ്ഥാപിക്കുന്നതിന് സന്നദ്ധ സംഘടനകൾ/ക്ലബുകൾ/റസിഡന്റസ് അസോസിയേഷനുകൾ എന്നിവയ്ക്ക് നൽകുന്ന സാമ്പത്തിക സഹായങ്ങൾ എന്തെല്ലാം; വിശദമാക്കുമോ?

(സി) കോഴിക്കോട് ജില്ലയിൽ ഈ പദ്ധതി പ്രകാരം എവിടെയെല്ലാമാണ് ജോഗിംഗ് ക്ലബുകൾ സ്ഥാപിച്ചത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതി നടത്തിപ്പിന് സർക്കാർ ചുമതലപ്പെടുത്തിയ നോഡൽ ഏജൻസികൾ ഏതെല്ലാം എന്നും ഇതിന്റെ ഓഫീസ് പ്രവർത്തിക്കുന്നത് എവിടെയാണ് എന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം/നീന്തൽകുളം പദ്ധതി</u>

8110 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം/നീന്തൽകുളം പദ്ധതിപ്രകാരം കുട്ടനാട്ടിൽ നിന്നും അപേക്ഷകൾ ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

ചാത്തന്നൂരിൽ മൾട്ടി പർപ്പസ് സ്റ്റേഡിയം

8111 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ ശ്രീനാരായണ ട്രസ്റ്റ് ഹയർ സെക്കന്ററി സ്കൂൾ കോമ്പൗണ്ടിൽ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മിക്കണമെന്ന് അപേക്ഷിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സ്റ്റേഡിയം നിർമ്മാണത്തിനായി എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>കരവാരം ഗ്രാമപഞ്ചായത്തിൽ സ്വിമ്മിംഗ് പൂൾ</u>

8112 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരവാരം ഗ്രാമപഞ്ചായത്തിൽ സ്പോർട്സ് കൗൺസിലിന്റെ മേൽനോട്ടത്തിൽ സ്വിമ്മിംഗ് പൂൾ നിർമ്മാണം നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) സ്പോർട്സ് കൗൺസിലിന്റെ ഫണ്ടിൽ നിന്നും ഇതിനായി എന്തു തുകയാണ് നൽകിയിട്ടുള്ളത്;

(സി) സ്വിമ്മിംഗ് പൂളിന്റെ നിർമ്മാണം എന്ന് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>കുട്ടനാട്ടിലെ സ്കൂൾ ഗ്രൗണ്ടുകളുടെ പുനരുദ്ധാരണം</u>

8113 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൈക്ക പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാട്ടിലെ സ്കൂളുകളുടെ ഗ്രൗണ്ടുകൾ പുനരുദ്ധരിക്കുന്നതിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കരുമാടി ഗവൺമെന്റ് ഹൈസ്കൂൾ ഗ്രൗണ്ട് പുനരുദ്ധാരണത്തിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) കരുമാടി ഗവൺമെന്റ് ഹൈസ്കൂൾ ഗ്രൗണ്ട് പുനരുദ്ധാരണത്തിന് പൈക്ക പദ്ധതി പ്രകാരം സമയബന്ധിതമായി ഫണ്ട് അനുവദിക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>കൽപ്പറ്റയിലെ സ്റ്റേഡിയം നിർമ്മാണത്തിന്റെ പുരോഗതി</u>

8114

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റയിലെ സ്റ്റേഡിയം നിർമ്മാണത്തിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്റ്റേഡിയത്തിനുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചത് എന്നാണ്; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) നടപ്പു സാമ്പത്തിക വർഷം എന്തു തുകയാണ് പ്രസ്തുത സ്റ്റേഡിയത്തിനായി വകയിരുത്തിയിരിക്കുന്നത്;

(ഡി) പ്രസ്തുത സ്റ്റേഡിയത്തിന്റെ പണി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>സ്പോർട്ട്സ് ക്വോട്ട നിയമനം</u>

8115 ശ്രീ. റ്റി.വി രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് ക്വോട്ട വഴിയുള്ള നിയമനത്തിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(ബി) സ്പോർട്സ് ക്വോട്ട നിയമനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>തിരുവല്ലത്ത് ഫിലിം സിറ്റി</u>

8116 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവല്ലത്ത് ഫിലിം സിറ്റി തുടങ്ങുവാൻ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുവാൻ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>മലയാള ചലച്ചിത്ര വ്യവസായത്തിന് സബ്സിഡി</u>

8117 ശ്രീ. ആര്‍. സെല്‍വരാജ്
,, കെ. അച്ചുതന്‍
,, വി.റ്റി. ബല്‍റാം
,, ഹൈബി ഈഡന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മലയാള ചലച്ചിത്ര രംഗത്ത് സബ്സിഡി നല്‍കുന്നത് സംബന്ധിച്ച മാര്‍ഗ്ഗനിര്‍ദ്ദേശങ്ങള്‍ പരിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശമാക്കുമോ;

(ബി) മലയാള സിനിമാ ലോകത്തെ പരിപോഷിപ്പിക്കുന്നതിന് എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് ഉള്‍പ്പെടുത്താന്‍ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ചുള്ള ശുപാര്‍ശകള്‍ സമര്‍പ്പിക്കുന്നതിന് പുതിയ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?